**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6662** **21-03-2023 - ൽ മറുപടിയ്ക്ക്**

**എൻഎച്ച് 66 സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ ജില്ലയിൽ എൻഎച്ച് 66 സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത പരാതികളിന്മേൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിക്കാമോ; | (എ) | ദേശീയപാത -66 വികസനത്തിന്റെ ഭാഗമായുള്ള ഭൂമി ഏറ്റെടുപ്പുമായി ബന്ധപ്പെട്ട് ദേശീയപാത നിയമം സെക്ഷൻ 3ജി (5) പ്രകാരം അധിക നഷ്ടപരിഹാരം ആവശ്യപ്പെട്ട് കൊണ്ട് തൃശ്ശൂർ ജില്ലാ കളക്ടർക്ക് 3075 ആർബിട്രേഷൻ പരാതികൾ ലഭിച്ചിട്ടുള്ളതും രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്. ടി അപേക്ഷകൾ ലഭിച്ച തീയതി പ്രകാരമുള്ള ക്രമം അനുസരിച്ച് അപേക്ഷകരെയും ബന്ധപ്പെട്ട എതിർകക്ഷികളെയും ഹിയറിംഗിന് വിളിച്ച് പരാതി NH Act 1956, Arbitration And Conciliation Act 1996 എന്നീ നിയമങ്ങളിലെ വ്യവസ്ഥകൾ അനുസരിച്ച് തീർപ്പാക്കി ഉത്തരവിന്റെ പകർപ്പ് അപേക്ഷകർക്കും എതിർകക്ഷികൾക്കും അയച്ച് നൽകുന്നതാണ്. ബഹു.ഹൈക്കോടതിയുടെ ഉത്തരവിന്മേൽ സമയബന്ധിതമായി തീർപ്പാക്കേണ്ട 150 ആർബിട്രേഷൻ അപേക്ഷകൾ ജില്ലാ കളക്ടർ നേരിൽ കേട്ടിട്ടുള്ളതും ആയതിൽ 115 എണ്ണം തീർപ്പാക്കിയിട്ടുള്ളതുമാണ്. സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ (എൽ.എ.) എൻ.എച്ച്-66, കൊടുങ്ങല്ലൂരിന്റെ കാര്യാലയത്തിൽ 667 പരാതികൾ ലഭിച്ചിട്ടുള്ളതും ആയത് തീർപ്പാക്കിവരുന്നതുമാണ്. |
| (ബി) | പ്രസ്തുത പരാതികളിൽ തീർപ്പ് കൽപ്പിച്ചുകൊണ്ട് അർഹതപ്പെട്ട നഷ്ടപരിഹാരം അടിയന്തരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | ഉടമസ്ഥാവകാശരേഖകൾ ഹാജരാക്കിയിട്ടുള്ള സ്ഥലമുടമകൾക്ക് സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ (എൽ.എ.), എൻ.എച്ച് -66 കൊടുങ്ങല്ലൂരിന്റെ കാര്യാലയം വഴി നഷ്ടപരിഹാരതുക വിതരണം ചെയ്തിട്ടുള്ളതാണ്. വിവിധ കോടതികളിൽ കേസിലിരിക്കുന്ന സ്ഥലങ്ങൾക്കുള്ള നഷ്ടപരിഹാര തുക കോടതി വിധിയ്ക്ക് അനുസൃതമായി വിതരണം ചെയ്യുന്നതുമാണ്. ബാക്കി നിലവിലുള്ള ആർബിട്രേഷൻ പരാതികളിൽ ക്രമാനുസരണം നടപടി എടുത്തുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ